# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2457 12/02/2020-ൽ മറുപടിക്ക്

**മുൻ സർക്കാർ ആരംഭിച്ച വൈദ്യുതിയുൽപാദനപദ്ധതികൾ**

| | ചോദ്യം<br><br>**ശ്രീ.വി.പി.സജീന്ദ്രൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതികളാണ് ആരംഭിച്ചത്; വിശദമാക്കുമോ; | (എ) | 2011-2016 സർക്കാരിന്റെ കാലത്ത് ആകെ 60.1 MW സ്ഥാപിതശേഷിയുള്ള '5' ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു<br><br>1. വെള്ളത്തൂവൽ - 3.6 മെഗാവാട്ട്<br>2.പെരുംതേനരുവി - 6 മെഗാവാട്ട്<br>3.ചിമ്മിനി - 2.5 മെഗാവാട്ട്<br>4. പൊരിങ്ങൽകുത്ത് - 24 മെഗാവാട്ട്<br>5. ഭൂതത്താൻകെട്ട് - 24 മെഗാവാട്ട്<br>മുൻ സർക്കാരിന്റെ കാലത്ത് മുൻകാലങ്ങളിൽ അനുവദിച്ച് നൽകിയ പദ്ധതികളിൽ നിന്ന് 13.5 MW (10.5MW കാരിക്കയം സ്റ്റേജ്-1, 3MW മീൻവല്ലം) സ്ഥാപിതശേഷിയുള്ള പദ്ധതികൾ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ MNRE യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ അഞ്ച് കിലോവാട്ട് വരെ ശേഷിവരുന്ന 100 പൈകോ ജലവൈദ്യുത പദ്ധതികൾ സ്ഥാപിച്ചിരുന്നു.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവ കൂടാതെ 115.85 MW സ്ഥാപിതശേഷിയുള്ള 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ G.O. (MS) No. 23/2014/PD dt. 21.07.2014 പ്രകാരം ബൂട്ട് അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചു നൽകിയിരുന്നു. അവയിൽ അരിപ്പാറ 4.5 MW, പാതംകയം 8MW, ആനക്കാംപോയിൽ 8MW എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും അടയ്ക്കാത്തോട് 3MW പദ്ധതിയുടെ സ്ഥലമെടുപ്പ് ആരംഭിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | (1). മുൻ സർക്കാരിന്റെ കാലത്ത് പാലക്കാട് കുഴൽമന്ദത്ത് അനെർട്ട് 2 മെഗാവാട്ട് സൗരനിലയത്തിന്റെ പണി ആരംഭിക്കുകയും ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തി പദ്ധതി പൂർത്തിയാക്കി ഉത്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി KSEB യുടെ ഗ്രിഡിലേയ്ക്ക് നൽകുന്നുണ്ട്.<br><br>(2). അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | അവയിൽ എത്രയെണ്ണം ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്? | (ബി) | 2011 – 16 – ലെ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച '5' ചെറുകിട ജലവൈദ്യുത പദ്ധതികളിൽ 2.5 MW - ന്റെ ചിമ്മിനി ചെറുകിട ജലവൈദ്യുത പദ്ധതി മാത്രമാണ് 2015 – ൽ പൂർത്തിയാക്കിയത്. 6 MW –ന്റെ പെരുംതേനരുവി, 3.6 MW –ന്റെ വെള്ളത്തൂവൽ എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലയളവിലാണ് നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തത്. മറ്റ് '2' പദ്ധതികളായ 24 മെഗാവാട്ടിന്റെ പൊരിങ്ങൽകുത്ത്, 24 മെഗാവാട്ടിന്റെ ഭൂതത്താൻകെട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഈ രണ്ട് പദ്ധതികളും ഈ സർക്കാരിന്റെ കാലത്ത് തന്നെ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച് നൽകിയ 25 പദ്ധതികളിൽ ഇനി 10 പദ്ധതികൾ പൂർത്തിയാ ക്കേണ്ട തായിട്ടുണ്ട്.<br><br>8 മെഗാവാട്ടിന്റെ പാതംകയം പദ്ധതി 14.08.2017 ൽ കമ്മീഷൻ ചെയ്തു കഴിഞ്ഞു. കൂടാതെ 8 MW ആനക്കാംപോയിൽ പദ്ധതി 2020 മേയിലും, 4.5 MW ന്റെ അരിപ്പാറ പദ്ധതി 2020 ഡിസംബറിലും നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷി ക്കുന്നു.<br><br>ബാക്കിയുള്ളവയിൽ ഒരു പദ്ധതി പ്രാരംഭഘട്ടത്തിൽ തന്നെ പ്രീമിയം തുക അടയ്ക്കാത്തതിനാൽ റദ്ദ് ചെയ്യപ്പെട്ട |

| | | | |
|---|---|---|---|
| | | -3- | കയുണ്ടായി. 7 പദ്ധതികൾ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ മൂലവും, പദ്ധതി വനമേഖലകളിൽ ആയതിനാലും സംരംഭകരുടെ അപേക്ഷ പ്രകാരം സർക്കാർ അലോട്ട്മെന്റ് റദ്ദാക്കുകയുണ്ടായി.<br><br>കൂടാതെ മറ്റ് 6 പദ്ധതികളുടെ നടത്തിപ്പുകാർ മേൽപ്പറഞ്ഞ കാരണങ്ങളാൽ അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ